# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.128/PR/PIC/PHQ/18 Date : 24.05.2018

---

**മഴക്കാല പൂർവശുചീകരണം - പോലീസ് ആവശ്യമായ പിന്തുണ നൽകും**

സംസ്ഥാന സർക്കാർ ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന മഴക്കാല പൂർവശുചീകരണ പരിപാടികൾക്കാവശ്യമായ പിന്തുണയും സഹായവും നൽകാൻ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ എല്ലാ എസ്.എച്ച്.ഒ മാർക്കും മറ്റ് യൂണിറ്റ് മേധാവിമാർക്കും നിർദ്ദേശം നൽകി. പ്രാദേശിക തലങ്ങളിൽ അമിതമായ ഖര, ജല, വായു മലിനീകരണമുണ്ടാക്കുന്ന പ്രദേശങ്ങൾ കണ്ടെത്തുന്നതിനും തുടർന്ന് ജനമൈത്രി സമിതികളുടെ സഹായത്തോടെ അവയ്ക്കെതിരെ ബോധവത്കരണം നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥിരമായി മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്ക് മുന്നറിയിപ്പ് നൽകും. മുന്നറിയിപ്പുകൾക്കുശേഷവും ഇത് തുടരുന്നവർക്ക് ഐ.പി.സി. സെക്ഷൻ 269, 278, കേരള പോലീസ് ആക്ട് 120(e), 1994 ലെ കേരള മുൻസിപാലിറ്റി ആക്ടിലെ 340(A), 340(B), 341, 342 സെക്ഷനുകൾ, കേരള പഞ്ചായത്ത് രാജ് ആക്ടിലെ 219 (N), 219(O), 219(P), 252 എന്നിവ പ്രകാരം നിയമ നടപടി സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

മഴക്കാലത്ത് പകർച്ചവ്യാധികൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കും പോലീസ് സഹകരണം നൽകും. പോലീസ് ഓഫീസുകളും പരിസരങ്ങളും ഗ്രീൻപ്രോട്ടോകോൾ പാലിക്കുന്നതിനും ശുചിത്വം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുകയാണ്. ഇത് എത്രയും വേഗം പൂർത്തിയാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ജില്ലാ പോലീസ് മേധാവിമാരും റേഞ്ച് ഐ.ജിമാരും മേഖല എ.ഡി.ജി.പിമാരും ആവശ്യമായ മേൽനോട്ടം വഹിക്കണമെന്നും പോലീസ് നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ജൂൺ 15നകം പോലീസ് ആസ്ഥാനത്ത് എത്തിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

**********